# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7644

23.07.2012-ൽ മറുപടിക്ക്

## പൊതുഭരണവകുപ്പിലെ അസിസ്റ്റൻ്റുമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| എ) പൊതുഭരണവകുപ്പിൽ 2012-13 വർഷത്തിൽ പി.എസ്.സി. വഴി എത്ര അസിസ്റ്റൻ്റുമാരെ നിയമിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ;<br><br>ബി) ഈ തസ്തികകളിൽ മുൻവർഷം (2011-12) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ആൻ്റ് (ബി)<br><br>പെൻഷൻ പ്രായം ഏകീകരണം മൂലം 2012 ഏപ്രിലിൽ ഉണ്ടാകുമായിരുന്ന 86 തസ്തികകളിലേക്കാണ് സൂപ്പർന്യൂമററി സൃഷ്ടിച്ച് നിയമനം നടത്തിയത്. എന്നാൽ പെൻഷൻ പ്രായം ഏകീകരണം നിർത്തലാക്കിയതോടെ 2012 ഏപ്രിൽ മുതൽ മാസാമാസം ഉണ്ടാകുന്ന റിട്ടയർ മെൻ്റ് വേക്കൻസികൾ സൂപ്പർന്യൂമററി തസ്തികകൾ ക്രമീകരിക്കുന്നതിനു വേണ്ടി മാറ്റിവെക്കേണ്ടതുണ്ട്. 2012-13 കാലയളവിൽ എത്ര ഓപ്പൺ വേക്കൻസികൾ ഉണ്ടാകും എന്ന് ഇപ്പോൾ മുൻകൂട്ടി തിട്ടപ്പെടുത്താൻ കഴിയുകയില്ല. |
| സി) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയ റാങ്ക് ലിസ്റ്റുകൾക്ക് നിയമന നിരോധനം ഒഴിവാക്കാനായി ഈ സാമ്പത്തിക വർഷം അവസാനിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി പരമാവധി നാലര വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്ന തിനുള്ള ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിൻ്റെ ഉത്തരവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>ഡി) ഉണ്ടെങ്കിൽ അത് പി.എസ്.സി.യെ അറിയിച്ച് കാലാവധി ദീർഘിപ്പിക്കു വാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | (സി) ആൻ്റ് (ഡി)<br><br>ഉണ്ട്.<br><br>30-4-2012-ൽ നിലവിലുള്ളതും 30-3-2013-വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില നിബന്ധനകൾക്ക് വിധേയമായി 31-3-2013-വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ